# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4713**      **19.05.2017**-ൽ മറുപടിയ്ക്ക്

### ജാതി തട്ടിപ്പ് കേസുകൾ വർദ്ധിച്ച് വരുന്നത് തടയുന്നതിന് നടപടി

| | ചോദ്യം: | | ഉത്തരം: |
|---|---|---|---|
| | ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.റോജി എം. ജോൺ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജാതി തട്ടിപ്പ് കേസുകൾ വർദ്ധിച്ച് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം ജാതി തട്ടിപ്പ് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിലാണ് ജാതി സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന നൽകുന്ന സർട്ടിഫിക്കറ്റുകൾ ഏത് അതോറിറ്റി മുമ്പാകെയാണോ സമർപ്പിക്കുന്നത് ടി അതോറിറ്റിക്ക് ഓൺലൈനായി സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുവാൻ സാധിയ്ക്കുന്നതാണ്. |
| (സി) | വ്യാജ ജാതി സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | വ്യാജ സർട്ടിഫിക്കറ്റ് നൽകിയതായി പരാതി ലഭിയ്ക്കുന്ന കേസുകളിൽ 1996-ലെ ആക്ട് 11 പ്രകാരം അന്വേഷണം നടത്തി, ആവശ്യമെന്ന് കാണുന്ന പക്ഷം നിയമാനുസൃത നടപടി സ്വീകരിക്കാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ വിഷയത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ